നമ്പർ: PC2-23585/17.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 17.06.2017.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.

എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും.

എല്ലാ ജില്ലാ ശിശുസംരക്ഷണ പദ്ധതി ആഫീസർമാർക്കും.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- ക്ഷേമസ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ്- ബഹു. വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന പ്രത്യേക റിവ്യൂമീറ്റിംഗ് സംബന്ധിച്ച്-

സൂചന: ബഹു. വകുപ്പ് മന്ത്രിയുടെ നിർദ്ദേശം.

വകുപ്പിന് കീഴിൽ സംസ്ഥാനത്ത് സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവർക്കായി പ്രവർത്തിക്കുന്ന വിവിധക്ഷേമ സ്ഥാപനങ്ങളുടെ നിലവിലെ പ്രവർത്തനത്തിൽ വിവിധ കാരണങ്ങളാൽ (ഉദാ: അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരിക്കുക, ശരിയായ മോണിറ്ററിംഗ് ഇല്ലാതിരിക്കുക, മതിയായ സ്റ്റാഫിന്റെ ലഭ്യതക്കുറവ് തുടങ്ങിയവ) പോരായ്മകൾ ഉണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള വീഴ്ചകളുടെയും സ്ഥാപനത്തിലെ താമസക്കാരുടെ വ്യക്തിഗത വിഷയങ്ങളാലും ദൗർഭാഗ്യകരമായ ചില സംഭവങ്ങൾ സമീപകാലത്ത് വകുപ്പിന് കീഴിലെ ക്ഷേമ സ്ഥാപനത്തിൽ നടന്നിട്ടുണ്ട്.

മേൽ വിവരിച്ച തരത്തിലുള്ള വിഷയങ്ങൾ ഭാവിയിൽ വകുപ്പിലെ സ്ഥാപനങ്ങളിൽ ആവർത്തിക്കപ്പെടാതിരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ഒപ്പം സ്ഥാപനത്തിന്റെ ദൈനംദിന നടത്തിപ്പ്, താമസക്കാരുടെ ക്ഷേമം, ഇവ

ഉറപ്പാക്കുന്നതിനാവശ്യമായ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി ക്ഷേമസ്ഥാപനങ്ങൾ താമസക്കാരുടെ സൗഹൃദഭവനങ്ങൾ എന്ന നിലയിലേയ്ക്ക് മാറേണ്ടതുണ്ട്. ഇതിന് ആവശ്യമായ തുടർ പ്രവർത്തനങ്ങൾ അതിവേഗം നടപ്പിൽ വരുത്തുന്നതിനായി ക്ഷേമസ്ഥാപനങ്ങളുടെ മേഖല/ ജില്ലാതല മോണിറ്ററിംഗ് അധികാരികളായ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ല ശിശുസംരക്ഷണ പദ്ധതി ആഫീസർമാർ എന്നിവരുടെ ഒരു പ്രത്യേക മീറ്റിംഗ് വിളിച്ച് ചേർക്കാൻ ബഹു.ആരോഗ്യ സാമൂഹ്യനീതി വകുപ്പു മന്ത്രി നിർദ്ദേശിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തെ മാത്രം അടിസ്ഥാനപ്പെടുത്തി റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ ശിശുസംരക്ഷണ പദ്ധതി ഓഫീസർ എന്നിവരുടെ ഒരു പ്രത്യേക മീറ്റിംഗ് 28.06.2017 രാവിലെ പത്ത് മണി മുതൽ തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടലിൽ വച്ച് ബഹു. ആരോഗ്യ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്നതാണ്. ടി മീറ്റിംഗിൽ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർ, ജില്ലാ ശിശുസംരക്ഷണ പദ്ധതി ഓഫീസർമാർ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ ചുവടെ വിവരിച്ചിരിക്കുന്ന രേഖകൾ അടക്കം മീറ്റിംഗ് ദിവസം രാവിലെ 9.30ന് തന്നെ മീറ്റിംഗ് നടക്കുന്ന സ്ഥലത്ത് സന്നിഹിതരാകേണ്ടതാണ്.

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ജെ.ജെ. സ്ഥാപനങ്ങൾ ഒഴികെയുള്ള ജില്ലയിലെ എല്ലാ ക്ഷേമസ്ഥാപനങ്ങളും, ജില്ലാ ശിശുസംരക്ഷണ പദ്ധതി ഓഫീസർമാർ ജെ.ജെ.സ്ഥാപനങ്ങളും സന്ദർശിച്ചശേഷം ലഭ്യമായ വസ്തുതകൾ പരിശോധിച്ച് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രൊഫോർമ പൂരിപ്പിക്കേണ്ടതും ടി റിപ്പോർട്ട് മീറ്റിംഗിന് വരുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർ

*db@17*

# പ്രൊഫോർമ

| | | | |
|---|---|---|---|
| 1 | ജില്ലയുടെ പേര് | | |
| 2 | സ്ഥാപനത്തിന്റെ പേര് | | |
| **3. ജീവനക്കാരുടെ വിശദവിവരം** | | | |
| | നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ വിവരം | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിവരം | തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനുള്ള കാരണം |
| | | | |
| **4. പുതുതായി സൃഷ്ടക്കപ്പെടേണ്ട തസ്തികകളുടെ വിവരം*** | | | |
| | പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ വിവരം | എണ്ണം | തസ്തിക സൃഷ്ടിക്കുന്നതിനുള്ള ആവശ്യകത വ്യക്തമാക്കുക |
| | | | |

| 5. അടിസ്ഥാന സൗകര്യ വികസനം | | | |
|---|---|---|---|
| 5.1 | പുതുതായി ആവശ്യമുള്ള സാധനങ്ങളുടെ വിവരം (ഫർണിച്ചർ, സ്ഥാപനത്തിലെ നിത്യോപയോഗത്തിനാവശ്യമായ സാധനങ്ങൾ) | ആവശ്യപ്പെടുന്ന സാധനങ്ങളുടെ നിലവിലുള്ള വിവരം (പുതുതായി വാങ്ങുന്നവയ്ക്ക് ബാധകമല്ല) | ആവശ്യകത വ്യക്തമാക്കുക |
| | | | |
| 5.2 | കെട്ടിട നിർമ്മാണം, വിപുലീകരണം, അറ്റകുറ്റപ്പണികൾ | പുതിയ നിർമ്മാണ ത്തിനാണെങ്കിൽ സ്ഥലം ലഭ്യമാണോയെന്ന വിവരം | നിർമ്മാണം പുതുതായി നടത്തേണ്ടതിന്റെ ആവശ്യകത |
| | | | |

| | | | | |
|---|---|---|---|---|
| | **6. നിർമ്മാണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ** | | | |
| | പൂർത്തീകരിക്കാത്ത പണികളുടെ വിശദ വിവരം | പണി ഏറ്റെടുത്തിരിക്കുന്ന ഏജൻസി | പണിയുടെ നിലവിലെ സ്ഥിതി | പൂർത്തീകരിക്കാത്തിനുള്ള കാരണം |
| | | | | |
| | ഡി.സി.പി.ഒ / ഡി.എസ്.ജെ.ഒ/ ആർ.എ.ഡി എന്നിവർ കഴിഞ്ഞ 2 മാസങ്ങളിൽ നടത്തിയ സ്ഥാപന സന്ദർശനത്തിന്റെ വിവരം. | സന്ദർശനം നടത്തിയ തീയതിയും സ്ഥാപനവും | കണ്ടെത്തിയ പ്രധാന പോരായ്മകൾ | അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ |
| | | 5 | | |
| **7.സ്ഥാപനങ്ങളെക്കുറിച്ചുള്ള മറ്റ് വിഷയങ്ങൾ/ ആവശ്യങ്ങൾ** | | | | |
| | | | | |

* പുതുതായി തസ്തികകൾ ആവശ്യപ്പെടുമ്പോൾ ചുവടെ വിവരിക്കുന്ന വിഷയങ്ങൾ പരിഗണിക്കണം.

എ) സ്ഥാപനത്തിലെ കഴിഞ്ഞ ഒരു വർഷത്തെ അന്തേവാസികളുടെ എണ്ണം.

ബി) മാനേജ്മെന്റ് മാന്വൽ, ICPS ഗൈഡ്ലൈൻ എന്നിവ പരിശോധിച്ച് യുക്തിപൂർണ്ണമായ നിർദ്ദേശങ്ങളാകണം വെയ്ക്കേണ്ടത്.

**ജില്ലാ സാമൂഹ്യനീതി ഓഫീസർ /**
**ജില്ലാ ശിശുസംരക്ഷണ ഓഫീസർ**